1. കുണ്ടറവിളംബരം നടത്തിയ ഭരണാധികാരി ആര്?

(a) ടിപ്പു സുൽത്താൻ

(b) ഹൈദരാലി

(c) വേലുത്തമ്പി ദളവ

(d) പഴശ്ശിരാജ

Correct Choice: (**c**)

Solution:

ബ്രിട്ടീഷ് സേനയുമായി ഏറ്റുമുട്ടിയ വേലുത്തമ്പിക്ക് ഒരു വിജയം കരസ്ഥമാക്കാനായില്ല. തീരെ നിവൃത്തിയില്ലാതെ കുണ്ടറയിലേക്ക് പോകാനും അവിടെ ചെന്ന് സൈന്യത്തെ പുനസംഘടിപ്പിക്കാനും തമ്പി തീരുമാനിച്ചു.
കുണ്ടറയിലെത്തിയ തമ്പി, 1809 ജനുവരി 11 പുറപ്പെടുവിച്ച ചരിത്രപ്രസിദ്ധമായ കുണ്ടറ വിളംബരത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരായ സമരത്തിൽ പങ്കുചേരാൻ നാട്ടുകാരായ പടയാളികളോട് ആവശ്യപ്പെട്ടു.

2. കേരളത്തിൽ ജനന –മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ചുമതലയുള്ളതു _ നാണ് .

(a) രജിസ്ട്രേഷൻ വകുപ്പ്

(b) വില്ലേജ് ഓഫീസ്

(c) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

(d) ആരോഗ്യ വകുപ്പ്

Correct Choice: (**c**)

Solution:

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇന്ത്യയിലെ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പ്രാദേശിക ഭരണകൂടങ്ങളാണ്.നിയമ നിർമ്മാണമൊഴികെയുള്ള വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് ഇവക്കുള്ളത് .

3. ഇന്ത്യയിൽ ഏറ്റവും അവസാനം രൂപം കൊണ്ട സംസ്ഥാനം ഏത് ?

(a) ജാർഖണ്ഡ്

(b) ഛത്തീസ്ഗഡ്

(c) തെലങ്കാന

(d) ഗോവ

Correct Choice: (**c**)

Solution:

ഇന്ത്യയുടെ 29-ആമത് സംസ്ഥാനമായി 2014 ജൂൺ 2-നാണ് തെലംഗാണ നിലവിൽ വന്നത്. ഇതിനു മുൻപ് ഈ പ്രദേശം ആന്ധ്രപ്രദേശ് സംസ്ഥാനത്തിലെ ഒരു പ്രദേശമായിരുന്നു. വാറങ്കൽ, അദിലാബാദ്, ഖമ്മം, മഹാബൂബ്ബ്നഗർ, നല്ലഗൊണ്ട, രംഗറെഡ്ഡി, കരിംനഗർ, നിസാമാബാദ്, മേഡക് എന്നീ ജില്ലകളും തലസ്ഥാനമായ ഹൈദരാബാദും ഉൾപ്പെടുന്നതാണ് ഈ പ്രദേശം.

4. മഹാത്മാ ഗാന്ധി നിർദ്ദേശിച്ച വിദ്യാഭ്യാസ മാതൃകയാണ് _.

(a) ഉച്ച ഭക്ഷണ പദ്ധതി

(b) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ

(c) വാർധാ പദ്ധതി

(d) സർവ ശിക്ഷ അഭിയാൻ

Correct Choice: (**c**)

Solution:

ഗാന്ധിജി ആവിഷ്കരിച്ച ദേശീയവിദ്യാഭ്യാസ പദ്ധതി അടിസ്ഥാനവിദ്യാഭ്യാസപദ്ധതി എന്ന പേരിൽ അറിയപ്പെടുന്നു. ഇത് വാർധാപദ്ധതി, ബേസിക് എഡ്യൂക്കേഷൻ (Basic Education), നയീതാലിം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസം ദേശീയതാത്പര്യത്തിന് അനുഗുണമായിട്ടല്ല സംവിധാനം ചെയ്തിട്ടുള്ളതെന്ന് സ്വാതന്ത്ര്യസമരകാലത്ത് മഹാത്മാഗാന്ധിക്ക് ബോധ്യമായി. പാശ്ചാത്യ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ബുദ്ധിയുടെ മാത്രം വികാസം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന ആ സമ്പ്രദായത്തിൽ ഭാരതീയത്വം തീരെ അവഗണിക്കപ്പെട്ടിരുന്നു. തൻമൂലം വിദ്യാഭ്യാസം കൊണ്ടു ലഭിക്കേണ്ടതായ മാനസികവും ശാരീരികവും വൈകാരികവും ആത്മീയവുമായ വികാസം ഭാരതജനതയ്ക്ക് വേണ്ടത്ര ലഭിച്ചിരുന്നില്ല. അടിസ്ഥാനവിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുന്നതിനു ഗാന്ധിജിയെ പ്രേരിപ്പിച്ച കാരണം ഇതാണ്.

5. ലോകത്തിലെ ഏറ്റവും വലിയ സമാധാന സംഘടന ഏത് ?

(a) നാറ്റോ (NATO)

(b) സീറ്റോ (SEATO)

(c) യു.എൻ.ഒ (UNO)

(d) സാർക് (SAARC)

Correct Choice: (**c**)

Solution:

അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും നിലനിർത്താനും, രാജ്യങ്ങൾക്കിടയിൽ സൌഹൃദ ബന്ധങ്ങൾ വികസിപ്പിക്കാനും, അന്താരാഷ്ട്ര സഹകരണം നേടാനും രാജ്യത്തിന്റെ പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായിരിക്കാനും ലക്ഷ്യമിട്ട ഒരു അന്തർ ദേശീയ സംഘടനയാണ് ഐക്യരാഷ്ട്രസഭ. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം ന്യൂ യോർക്ക് നഗരത്തിലെ മാൻഹട്ടണിലാണ്.

6. ഇന്ത്യൻ സംസ്ഥാന പുനഃസംഘടനാ നിയമം പാർലമെന്റ് പാസ്സാക്കിയത് :

(a) 1953

(b) 1956

(c) 1955

(d) 1954

Correct Choice: (**b**)

Solution:

ഇന്ത്യൻ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ഭാഷ അടിസ്ഥാനത്തിൽ വേർതിരിക്കാൻ കാരണമായ പ്രധാനപ്പെട്ട ഒരു നവീകരണം ആണ് സംസ്ഥാന പുനഃസംഘടന നിയമം, 1956.

1956നു ശേഷവും സംസ്ഥാന അതിർത്തികളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും 1956ലെ സംസ്ഥാന പുനഃസംഘടന നിയമം ആണ് സ്വാതന്ത്ര്യത്തിനു ശേഷം നടന്ന ഏറ്റവും സമഗ്രമായ മാറ്റങ്ങൾ നടത്തിയ നിയമം.

ഭരണഘടന (ഏഴാം ഭേദഗതി) നിയമം, 1956 പ്രകാരം ഭരണഘടനയുടെ 3 & 4 ആർട്ടിക്കിൾ ഉപയോഗിച്ച് ആണ് സംസ്ഥാന പുനഃസംഘടന നിയമം നടപ്പിലാക്കിയത്.

7. സ്ത്രീകൾക്ക് ഏറ്റവും ആയുസ്സുള്ള രാജ്യം ഏത് ?

(a) ഇന്ത്യ
(b) ഫ്രാൻസ്
(c) ചൈന
(d) ജപ്പാൻ

Correct Choice: (**d**)

8. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനം ?

(a) മധ്യപ്രദേശ്
(b) തമിഴ്നാട്
(c) ഉത്തർപ്രദേശ്
(d) ആന്ധ്രാപ്രദേശ്

Correct Choice: (**c**)
Solution:

1971-ലെ കണക്കനുസരിച്ച് ഉത്തർപ്രദേശിലെ ജനസംഖ്യ 8,88,41,144 ആയിരുന്നു. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ ഉദ്ദേശം ആറിലൊന്നാണിത്.

9. കേരളത്തിലെ ആദ്യ സൈബർ പോലീസ് സ്റ്റേഷൻ ?

(a) ഫോർട്ട് കൊച്ചി
(b) കാക്കനാട്
(c) കഴക്കൂട്ടം
(d) പട്ടം

Correct Choice: (**d**)
Solution:

- കേരളത്തിലെ ആദ്യ സൈബർ പോലീസ് സ്റ്റേഷൻ എവിടെയാണ് -പട്ടം,തിരുവനന്തപുരം.
- ഇന്ത്യയിലെ ആദ്യ സൈബർ പോലീസ് സ്റ്റേഷൻ ബാംഗ്ലൂർ ആണ്.

10. ആദികാവ്യം എന്നറിയപ്പെടുന്നത് ?

(a) മഹാഭാരതം
(b) രാമായണം
(c) ഋഗ്വേദം
(d) അഥർവവേദം

Correct Choice: (**b**)
Solution:

വാല്മീകി മഹർഷി രചിച്ച രാമായണം കാവ്യരൂപത്തിലുള്ള ആദ്യ കൃതിയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് ഇത് ആദിമകാവ്യം എന്നും അറിയപ്പെടുന്നു.

11. നൂറു കോടി ക്ലബ്ബിൽ ഇടം നേടിയ ആദ്യ മലയാള ചിത്രം ?

(a) എന്ന് നിന്റെ മൊയ്തീൻ
(b) പുലിമുരുകൻ
(c) ചാർളി
(d) സഖാവ്

Correct Choice: (**b**)
Solution:

മോഹൻലാലിനെ നായകനാക്കി വൈശാഖ് സംവിധാനം ചെയ്ത ആക്ഷൻ ത്രില്ലർ മലയാളചലച്ചിത്രമാണ് പുലിമുരുകൻ. പ്രദർശനത്തിനെത്തി ആദ്യ 30 ദിവസത്തിനുള്ളിൽ 105 കോടിയോളം രൂപയാണ് ചിത്രം നേടിയത്.

12. ഈ വർഷത്തെ ദാദ സാഹിബ് ഫാൽക്കെ പുരസ്കാര ത്തിന് അർഹൻ ആയ വ്യക്തി ?

(a) കാശി നാഡുനി വിശ്വനാഥ്
(b) മനോജ് കുമാർ
(c) അമിതാബ് ബച്ചൻ
(d) വിനോദ് ഖന്ന

Correct Choice: (**d**)
Solution:

ഇന്നത്തെ പരീക്ഷയിലെ ചോദ്യത്തിന് ശെരിയായ ഓപ്ഷൻ നൽകിയിരുന്നില്ല .

ദാദ സാഹിബ് ഫാൽക്കെ പുരസ്കാര ത്തിന് 2017 ൽ അർഹൻ ആയ വ്യക്തി വിനോദ് ഖന്ന ആണ് .ഇന്ത്യൻ ചലച്ചിത്രരംഗത്ത് നൽകിയ ആജീവനാന്ത സംഭാവനകളെ മാനിച്ച് ഭാരത സർക്കാർ സമ്മാനിക്കുന്ന പുരസ്കാരമാണ് ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം. ഇന്ത്യൻ ചലച്ചിത്രത്തിന്റെ പിതാവായി വിശേഷിപ്പിക്കപ്പെടുന്നദാദാസാഹിബ് ഫാൽക്കെയുടെ 100-ആം ജന്മവാർഷികമായ 1969 മുതൽക്കാണ് ഈ പുരസ്കാരം നല്കിത്തുടങ്ങിയത്. ആദ്യമായ് നേടിയത് ദേവിക റാണി റോറിച്ച് . അവാർഡ് ന അർഹനായ ഏക മലയാളി അടൂർ ഗോപാല കൃഷ്ണൻ ആണ്.

13. ലോക്സഭയുടെ ആദ്യ വനിതാ സ്പീക്കർ ആര് ?

(a) സുചേതാ കൃപലാനി

(b) സരോജിനി നായിഡു

(c) വി.എസ്. രമാദേവി

(d) മീരാകുമാർ

Correct Choice: (**d**)
Solution:

2009 മുതൽ 2014 വരെ ലോക്സഭ സ്പീക്കർ ആദ്യമായി വനിതാ സ്പീക്കർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

14. കേരളത്തിലെ ആദ്യത്തെ ഗവർണർ ആയിരുന്നു ?

(a) വി വി ഗിരി

(b) ജ്യോതി വെങ്കിടാചലം

(c) ഡോ. വി . കൃഷ്ണ റാവു

(d) പി . രാമചന്ദ്രൻ

Correct Choice: (**c**)

15. അനശ്വര പൈതൃകത്തിന്റെ മഹത് കലാസൃഷ്ടിയായി യുനെസ്കോ പ്രഖ്യാപിച്ച കേരളീയ കലാരൂപം ?

(a) കൂത്ത്

(b) കൂടിയാട്ടം

(c) കളരി

(d) യോഗ

Correct Choice: (**b**)
Solution:

ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം. അഭിനയകലയ്ക്ക് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ “അഭിനയത്തിന്റെ അമ്മ” എന്നും വിശേഷിപ്പിക്കുന്നു. കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമേയുള്ളൂ. ഏറ്റവും പ്രാചീനമായ സംസ്കൃതനാടകരൂപങ്ങളിലൊന്നാണിത്.

16. രവീന്ദ്ര നാഥ് ടാഗോർ രചിച്ച ഗ്രന്ഥമാണ് ?

(a) ഗോര

(b) നിബന്ധമാല

(c) രംഗഭൂമി

(d) ഗോധാൻ

Correct Choice: (**a**)
Solution:

ഭാരതമൊട്ടാകെ കലാസാംസ്കാരികരംഗങ്ങളിൽ ആഴമേറിയ മുദ്ര പതിപ്പിച്ച നോബൽ സമ്മാന ജേതാവായ പ്രശസ്ത ബഹുമുഖ പ്രതിഭയാണ്, രബീന്ദ്രനാഥ ടാഗോർ.ടാഗോർ അനേകം നോവലുകൾ, പ്രബന്ധങ്ങൾ, ചെറുകഥകൾ, യാത്രാ വിവരണങ്ങൾ, നാടകങ്ങൾ തുടങ്ങി അനേകായിരം ഗാനങ്ങളും രചിച്ചിട്ടുണ്ട്.

17. 'വരിക വരിക സഹജരെ – വലിയ സഹന സമരമായ്' എന്ന വരികൾ രചിച്ചതാര് ?

(a) വയലാർ രാമവർമ്മ

(b) വള്ളത്തോൾ നാരായണ മേനോൻ

(c) അംശി നാരായണ പിള്ള

(d) കേരളം വർമ്മ വലിയകോയി തമ്പുരാൻ

Correct Choice: (**c**)
Solution:

എം. നാരായണപിള്ള ഒരു പത്രപ്രവർത്തകനായിരുന്നു, മലയാളത്തിലെ തിരക്കേറിയ ചെറുകഥാകൃത്ത് കൂടിയായിരുന്നു നാണപ്പൻ . 1992 ൽ കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹനായ 'പരിണാമം' എന്ന പുസ്തകം രചിച്ചു.

18. മാഗ്ന കാർട്ട ഒപ്പ് വെച്ച രാജാവാണ് ?

(a) ജയിംസ് രാജാവ്

(b) ഹെൻറി രാജാവ്

(c) ജോൺ രാജാവ്

(d) ചാൾസ് രാജാവ്

Correct Choice: (**c**)
Solution:

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറങ്ങിയ ഒരു ആംഗലേയ നിയമസംഹിതയാണ് മാഗ്നാകാർട്ട. 1215 ജൂൺ 15 ൽ രചിക്കപ്പെട്ട ഈ സംഹിതക്ക് മാഗ്നകാർട്ട ലിബർറ്റേറ്റം എന്നും പേരുണ്ട്. ലാറ്റിൻ ഭാഷയിലെഴുതപ്പെട്ടിട്ടുള്ള ഈ ഉടമ്പടി ലാറ്റിൻ പേരിൽ അറിയപ്പെടുന്നു. ആംഗലേയ ഭാഷയിലുള്ള ഇതിന്റെ പരിഭാഷയാണ് ഗ്രേറ്റർ ചാർട്ടർ. ചില അവകാശങ്ങൾ വിളംബരം ചെയ്യുന്നതിനും ചില നിയമനടപടിക്രമങ്ങളെ ബഹുമാനിക്കുന്നതിനും, താനും നിയമത്തിന് അധീനനാണ് എന്ന് അംഗീകരിക്കുന്നതിനുമായി ഇംഗ്ലണ്ടിലെ ജോൺ രണ്ടാമൻ രാജാവിന് ഈ നിയമം ആവശ്യമായി വരികയായിരുന്നു.

19. ' യുഗപുരുഷൻ' എന്ന മലയാള ചലച്ചിത്രം ആരുടെ ജീവിത കഥയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

(a) മന്നത്തു പദ്മനാഭൻ

(b) ശ്രീ നാരായണ ഗുരു

(c) ഡോ പല്പു

(d) സഹോദരൻ അയ്യപ്പൻ

Correct Choice: (**b**)

Solution:

- കേരളത്തിൽ ജീവിച്ചിരുന്ന സാമൂഹിക പരിഷ്കർത്താവും, നവോത്ഥാനനായകനും ആയിരുന്നു ശ്രീനാരായണഗുരു.
- " ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് " ഇതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും.
- തന്റെ സാമൂഹിക പരിഷ്കാരങ്ങൾ പ്രചരിപ്പിക്കാനായി ഡോ. പൽപ്പുവിന്റെ പ്രേരണയാൽ അദ്ദേഹം 1903-ൽ ശ്രീ നാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.
- ആദ്യമായി ഭാരതീയ തപാൽ മുദ്രണത്തിൽ പ്രത്യക്ഷപ്പെട്ട കേരളീയൻ ശ്രീനാരായണഗുരുവാണ് .
- രൂപാ നാണയത്തിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ കേരളീയ വ്യക്തിയും അദ്ദേഹമാണ്.

20. 'സാധു ജന പരിപാലന സംഘ' ത്തിന് രൂപം നല്കിയതാരാണ് ?

(a) ശ്രീനാരായണ ഗുരു

(b) കെ. കേളപ്പൻ

(c) അയ്യങ്കാളി

(d) ടി.കെ. മാധവൻ

Correct Choice: (**c**)

Solution:

- കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താക്കളിൽ പ്രമുഖനായിരുന്നു അയ്യൻകാളി. സമൂഹത്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയാണ് അയ്യൻകാളി പോരാടിയത്.
- സാധുജന പരിപാലന യോഗം, 1907ൽ സാമൂഹിക പരിഷ്കിതാവായ അയ്യങ്കാളി തിരുവിതാംകൂർ സർക്കാറിന്റെ പിന്തുണയോടെ രൂപീകരിച്ച സംഘടനയാണ്.

21. ദേശീയ സാക്ഷരതാ മിഷൻ രൂപീകരിച്ച വര്ഷം?

(a) 1988

(b) 1978

(c) 2014

(d) 2016

Correct Choice: (**a**)

Solution:

നാഷണൽ ലിറ്ററസി മിഷൻ 1988 ൽ ഭാരതസർക്കാർ ആരംഭിച്ച ഒരു രാജ്യവ്യാപകമായ പരിപാടിയാണ്. എൺപത് വർഷം കൊണ്ട് 15 - 35 വയസ്സിൽ പ്രായമുള്ള 80 ദശലക്ഷം വിദ്യാർത്ഥികളെ ബോധവത്കരിക്കാൻ ഇത് ലക്ഷ്യമിട്ടു.

22. ഇന്ത്യയിൽ സ്വകാര്യ മേഖല ആയിരുന്ന ബാങ്കുകളെ ആദ്യമായി ദേശസാത്കരിച്ച വര്ഷം ?

(a) 1979

(b) 1969

(c) 1974

(d) 1967

Correct Choice: (**b**)

Solution:

1969 ൽ ഇന്ത്യൻ സർക്കാർ 14 പ്രമുഖ സ്വകാര്യബാങ്കുകൾ ദേശസാൽക്കരിച്ചു. ബാങ്ക് ഓഫ് ഇന്ത്യ ആയിരുന്നു അതിൽ ഒന്ന് . 1980 ൽ 6 സ്വകാര്യ ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു.

23. സംയോജിക ശിശു വികസന പദ്ധതി പ്രകാരം സാമൂഹ്യ ക്ഷേമ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ആണ് ?

(a) ബാലിക ഭവൻ

(b) പ്രീ മെട്രിക് ഹോസ്റ്റൽ

(c) പ്രീ പ്രൈമറി സ്കൂൾ

(d) അംഗൻ വാടി

Correct Choice: (**d**)

Solution:

അംഗൻവാടി എന്ന വാക്കിനർഥം വീട്ടുമുറ്റത്തെ പരിപാലനം എന്നാണ്. കേന്ദ്രസർക്കാർ സമഗ്ര ശിശുവികസന പരിപാടിയുടെ സേവനഭാഗമായി 1975 ഒക്ടോബർ 2ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 106-ാം ജന്മദിനത്തിൽ, കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവും പട്ടിണിയും ഇല്ലാതാക്കാനായി തുടങ്ങിയതാണീ പദ്ധതി.

24. ഇന്ത്യയിൽ സാമ്പത്തിക ഉദാരവൽക്കരണം ആരംഭിച്ച വര്ഷം ?

(a) 1991

(b) 1986

(c) 2014

(d) 1976

Correct Choice: (**a**)

Solution:

1950 മുതൽ 1991 വരെ ഇന്ത്യ സ്വീകരിച്ച സാമ്പത്തിക നയം "ലൈസൻസ്, ക്വോട്ട, പെർമിറ്റ് രാജ്" ആയിരുന്നു. പക്ഷേ 1991-ൽ ഒരു പുതിയ സാമ്പത്തിക നയം സ്വീകരിക്കാൻ ഇന്ത്യ നിർബന്ധിതരായി. അതാണ് "ഉദാരവൽക്കരണം, സ്വകാര്യവൽകരണം, ആഗോളവൽകരണം".ഇന്ത്യയുടെ സാമ്പത്തികനില വളരെ മോശമായ 1990കളിൽ മന്മോഹൻ സിംഗ് എടുത്ത തീരുമാനമായിരുന്നു സാമ്പത്തിക പരിഷ്കരണം. രാജീവ്ഗാന്ധിയുടെ മികച്ച പിന്തുണ ഇതിനുണ്ടായിരുന്നു.

25. മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര സന്നദ്ധ സംഘടന ആണ് ___.

(a) ഐക്യ രാഷ്ട്ര സംഘടന

(b) ആംനെസ്റ്റി ഇന്റർനാഷണൽ

(c) പീപ്ൾസ് യൂണിയൻ ഫോർ സിവിൽ ലിബേർട്ടീസ്

(d) പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്

Correct Choice: (**b**)
Solution:

അഖിലലോക മനുഷ്യാവകാശവിളംബരത്തിലും മറ്റ് അന്താരാഷ്ട്ര രേഖകളിലും പറയുന്ന എല്ലാവിധ മനുഷ്യാവകാശങ്ങൾക്കും വേണ്ടി പൊരുതുന്ന ഒരു അന്താരാഷ്ട്ര സർക്കാരേതരസംഘടനയാണ് ആംനസ്റ്റി ഇന്റർനാഷണൽ .1961-ൽ പീറ്റർ ബെനൻസൺ എന്ന ബ്രിട്ടീഷ് അഭിഭാഷകനാണ് ആംനസ്റ്റി ഇന്റർനാഷനൽ സ്ഥാപിച്ചത്.

26. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് ആയിരുന്ന ഏക മലയാളി ?

(a) കെ.പി . കേശവമേനോൻ

(b) കെ. കേളപ്പൻ

(c) സർ.സി. ശങ്കരൻ നായർ

(d) കെ. മാധവൻനായർ

Correct Choice: (**c**)
Solution:

ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷ സ്ഥാനത്തെത്തിയ ഏക മലയാളിയാണ് ചേറ്റൂർ ശങ്കരൻ നായർ എന്ന സർ സി.ശങ്കരൻ നായർ(15 ജൂലായ് 1857 -22 ഏപ്രിൽ 1934).

27. കൊല്ലം ജില്ലയിൽ കണ്ടുവരുന്ന റേഡിയോ ആക്ടീവ് മൂലകം ?

(a) യുറേനിയം

(b) തോറിയം

(c) സിഷിയം

(d) പൊളോണിയം

Correct Choice: (**b**)
Solution:

ഇന്ത്യയിൽ കേരളത്തിലെ കടലോരങ്ങളിലാണ് മോണസൈറ്റ് മണൽ സുലഭമായിട്ടുള്ളത്. ലോകത്തിൽവച്ച് ഏറ്റവും നിലവാരമുള്ള തോറിയം നിക്ഷേപമുള്ള മണലും കേരളത്തിലേതാണ്. കരിമണൽ എന്നാണ് തോറിയം നിക്ഷേപമുള്ള മണൽ കേരളത്തിൽ അറിയപ്പെടുന്നത്..

28. 2015 –ൽ വിവരാവകാശ നിയമം പാസ്സാക്കാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിച്ച പ്രധാന സംഘടന ഏത് ?

(a) കിസാൻ മസ്ദൂർ ശക്തി സംഘടൻ

(b) പരിവർത്തൻ

(c) ആം ആദ്മി പാർട്ടി

(d) ഭാരതീയ മസ്ദൂർ സംഘ്

Correct Choice: (**a**)
Solution:

ഇന്ത്യയിൽ വിവരാവകാശ നിയമം പാസ്സാക്കുന്നതിന് പ്രേരകശക്തിയായ സംഘടന- കിസാൻ മസ്ദൂർ ശക്തി സംഘടൻ (രാജസ്ഥാൻ)
കിസാൻ മസ്ദൂർ ശക്തി സംഘടൻ എന്ന സംഘടനയ്ക്ക് നേതൃത്വം കൊടുക്കുന്നതാര് - അരുണാ റോയി (1987 ഇൽ ).

29. ലളിത കലാ അക്കാഡമിയുടെ ആസ്ഥാനം ?

(a) ന്യൂ ഡൽഹി

(b) തിരുവനന്തപുരം

(c) തൃശ്ശൂർ

(d) കാവാലം

Correct Choice: (**a**)
Solution:

ലളിത് കലാ അക്കാദമി അഥവാ നാഷണൽ അക്കാദമി ഓഫ് ആർട്ട് എന്നാൽ കവിത, സംഗീതം, ചിത്രമെഴുത്ത്,ശിൽപം, വാസ്തുവിദ്യ എന്നീ കലകൾക്ക് വേണ്ടിയുള്ള ഇന്ത്യയിലെ കേന്ദ്രീയ പഠനകേന്ദ്രമാണ്.

1954 ൽ ഭാരത സർക്കാറിനാൽ ഇന്ത്യൻ കലാരൂപം മനസിലാക്കാനും പ്രചരിപ്പിക്കുവാനും ദില്ലിയിൽ സ്ഥാപിച്ച ഒരു സ്വയംഭരണ സംഘടനയാണിത്.

30. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രമേത്?

(a) തിരുവനന്തപുരം

(b) ശ്രീഹരിക്കോട്ട

(c) ഹൈദരാബാദ്

(d) ബാംഗളൂർ

Correct Choice: (**a**)
Solution:

കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമം ആണ് തുമ്പ. ഇസ്രോയുടെ(ISRO) , ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം (Thumba Equatorial Rocket Launching Station - TERLS ) സ്ഥിതി ചെയ്യുന്ന സ്ഥലം എന്ന നിലയിൽ പ്രസിദ്ധമായ സ്ഥലമാണിത്. ഭൂമിയുടെ കാന്തിക മധ്യരേഖ(magnetic equator) ഇവിടെക്കൂടി കടന്നു പോകുന്നു എന്നതാണ് ഇവിടുത്തെ പ്രത്യേകത.

31. ദക്ഷിണേന്ത്യയിലെ ആദ്യ കറൻസി രഹിത ഗ്രാമം ?

(a) ചെന്നൈ

(b) കൊച്ചി

(c) ഇബ്രാഹിംപൂർ

(d) വിശാഖപട്ടണം

Correct Choice: (**c**)

Solution:

ഇന്ത്യയിലെ ആദ്യ കറൻസി രഹിത സംസ്ഥാനം -ഗോവ
കേരളത്തിലെ ആദ്യ കറൻസി രഹിത ജില്ല -മലപ്പുറം

32. ഇന്ത്യയെ ശ്രീലങ്കയിൽനിന്നും വേർതിരിക്കുന്ന കടലിടുക്ക്?

(a) സൂയസ് കനാൽ

(b) മഗല്ലൻ കടലിടുക്ക്

(c) ജിബ്രാൾട്ടർ കടലിടുക്ക്

(d) പാക് കടലിടുക്ക്

Correct Choice: (**d**)
Solution:

ഇന്ത്യൻ മഹാ സമുദ്രത്തിൽ ബംഗാൾ ഉൾക്കടലിനും മാന്നാർ ഉൾക്കടലിനും മദ്ധ്യേ വ്യാപിച്ചുകിടക്കുന്ന കടലിടുക്കാണ് പാക് കടലിടുക്ക് തെക്കേ ഇന്ത്യൻ സംസ്ഥാനമായ തമിഴ്നാടിനും ശ്രീലങ്കയുടെവടക്കൻ പ്രവിശ്യയായ മാന്നാർ ജില്ലയ്ക്കും ഇടയിലാണ് പാക് കടലിടുക്ക്(Palk Strait) സ്ഥിതി ചെയ്യുന്നത്.

33. ഗംഗ നദിയുടെ പോഷക നദി അല്ലാത്ത നദി ഏത് ?

(a) സോൺ

(b) ബിയാസ്

(c) ഗാഘരാ നദി

(d) യമുന

Correct Choice: (**b**)
Solution:

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഏറ്റവും കൂടുതൽ പോഷകനദികൾ ഉള്ളത് ഗംഗയ്ക്കാണ്. ഉത്തർപ്രദേശിലെ യമുനോത്രി ഹിമാനിയിൽ നിന്നുത്ഭവിച്ച് പുരാതന നഗരമായ പ്രയാഗിൽ വച്ച് ഗംഗയിൽ ചേരുന്ന യമുനയാണ് ഗംഗയുടെ ഏറ്റവും വലിയ പോഷകനദി. ഗംഗയിൽ ചേരുന്നതിനു തൊട്ടുമുമ്പ് യമുനയിൽ ചേരുന്ന ചംബൽ, ബത്വ, കെൻ എന്നീ നദികളും ചിലപ്പോൾ ഗംഗയുടെ പോഷകനദികളായി കണക്കാക്കാറുണ്ട്. തിബത്തിൽ നിന്നുത്ഭവിക്കുന്ന സരയൂ നദിയാണ്(ഗാഘരാ നദി) ഗംഗയുടെ മറ്റൊരു പ്രധാനപോഷകനദി . മധ്യേന്ത്യയിൽ വച്ച് ഗംഗയിൽ പതിയ്ക്കുന്ന സോൺ നദി മറ്റൊരു പ്രധാന പോഷകനദിയാണ്. ബംഗ്ലാദേശിൽ സമുദ്രത്തിൽ പതിയ്ക്കുന്നതിനു തൊട്ടുമുമ്പ് ഗംഗയിൽ മേഘ്ന നദി ചേരുന്നു. സംഗമശേഷം ഗംഗ അനേകം കൈവഴികളായി പിരിഞ്ഞ് സമുദ്രത്തിൽ പതിയ്ക്കുന്നു.

34. ഒരു പ്രധാന ഖാരിഫ് വിളയാണ് ?

(a) ഗോതമ്പ്

(b) പുകയില

(c) നെല്ല്

(d) പച്ചക്കറി

Correct Choice: (**c**)
Solution:

ഇന്ത്യ ഉൾപ്പടെയുള്ള ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ മഴക്കാലത്ത് കൃഷിചെയ്യുന്ന സസ്യങ്ങളെയാണ് ഖരീഫ് വിളകൾ അഥവാ മൺസൂൺ വിളകൾ എന്നുപറയുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ ആരംഭത്തിൽ ഇവയ്ക്കു വിത്ത് വിതയ്ക്കുകയും മൺസൂണിന്റെ അവസാനത്തോടെ വിളവെടുക്കുകയും ചെയ്യുന്നു.

ഏഷ്യൻ രാജ്യങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായ ജനുവരിയിൽ തന്നെ ഖാരിഫ് വിളകൾ കൃഷിചെയ്യുന്നുണ്ട്. ഇന്ത്യയിൽ പൊതുവെ ജൂൺ - ജൂലൈ മാസങ്ങളിലാണ് ഖാരിഫ് കൃഷി ആരംഭിക്കുന്നത്. സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഇവയുടെ വിളവെടുപ്പും നടത്തുന്നു. നെല്ല്, പരുത്തി, എള്ള്, കരിമ്പ്, സോയാബീൻ, ചണം എന്നിവ ഖരീഫ് വിളകൾക്ക് ഉദാഹരണങ്ങളാണ്.

35. ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ?

(a) ഗിരിജാ വ്യാസ്

(b) ലളിത കുമാരമംഗലം

(c) ഡോ . മമതാശർമ്മ

(d) രേഖ ശർമ്മ

Correct Choice: (**d**)
Solution:

29/10/2014 - 29/10/2017 വരെ ലളിത കുമാരമംഗലം ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ സ്ഥാനം വഹിച്ചു. ഇപ്പോൾ രേഖ ശർമ്മ ആണ് ചെയർ പേഴ്സൺ

36. അരവിന്ദ് പനാഗരിയ താഴെ പറയുന്നതിൽ ഇതിന്റെ ഉപാദ്ധ്യക്ഷൻ ആണ് ?

(a) ബഹിരാകാശ ഗവേഷണ കൗൺസിൽ

(b) സാഹിത്യ അക്കാഡമി

(c) സംഗീത നാടക അക്കാഡമി

(d) നീതി ആയോഗ്

Correct Choice: (**d**)
Solution:

നിലവിൽ രാജീവ് കുമാർ ആണ് നീതി ആയോഗിന്റെ ഉപാദ്ധ്യക്ഷൻ .

37. പരിസ്ഥിതി ദിനം എന്നാണ് ആചരിക്കുന്നത് ?

(a) ജൂലൈ 5

(b) ജൂൺ 5

(c) മാർച്ച് 25

(d) സെപ്റ്റംബർ 5

Correct Choice: (**b**)

Solution:

ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്.

38. ഇന്ത്യയുടെ വടക്കു പടിഞ്ഞാറേ തീരത്തുള്ള ഒരു പ്രധാന തുറമുഖമാണ് ?

(a) മംഗലാപുരം
(b) കണ്ട്ല
(c) ഗോവ
(d) മുംബൈ

Correct Choice: (**b**)
Solution:

ഗുജറാത്ത് സംസ്ഥാനത്ത് കച്ച് ഉൾക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു തുറമുഖപട്ടണമാണ് കണ്ട്ല.കച്ച് മേഖലയിലെ വ്യാപാരാവശ്യങ്ങൾ നിറവേറ്റുന്നതിന് 1933-ലാണ് കണ്ട്ലയിൽ ഒരു ചെറിയ തുറമുഖം സ്ഥാപിച്ചത്.

39. സൂയസ് കനാൽ ദേശസാത്കരിച്ച ഈജിപ്ഷ്യൻ പ്രസിഡന്റ് ?

(a) ജമാൽ അബ്ദുൽ നാസർ
(b) യാസർ അറാഫത്
(c) അയത്തുള്ള ഖുമൈനി
(d) സദ്ദാം ഹുസ്സയിൻ

Correct Choice: (**a**)
Solution:

ഈജിപ്റ്റിലെ ഒരു വൻ മനുഷ്യ നിർമിത കനാലാണ് സൂയസ് കനാൽ. സീനായ് ഉപദ്വീപിന് പടിഞ്ഞാറ് ഭാഗത്തായാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇത് മെഡിറ്ററേനിയൻ കടലിലെ പോർട്ട് സൈദിനെയും ചെങ്കടലിലെ സൂയസിനേയും തമ്മിൽ ബന്ധിപ്പിക്കുന്നു. 1869-ൽ കനാൽ പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ് മെഡിറ്ററേനിയൻ കടലിനും ചെങ്കടലിനും ഇടയിൽ ചരക്കുകൾ കരമാർഗ്ഗമാണ് കടത്തിയിരുന്നത്. ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന സൂയസ് കനാൽ ഈജിപ്റ്റ് പ്രസിഡന്റായിരുന്ന ജമാൽ അബ്ദുന്നാസിറിന്റെ കാലത്ത് ദേശസാൽകരിക്കപ്പെട്ടു

40. സോവിയറ്റ് യൂണിയന്റെ അവസാനത്തെ പ്രസിഡന്റ് ആയിരുന്നു ?

(a) വി എ ലെനിൻ
(b) ജോസഫ് സ്റ്റാലിൻ
(c) മിഖായേൽ ഗോർബച്ചേവ്
(d) പുടിൻ

Correct Choice: (**c**)
Solution:

മിഖായേൽ ഗോർബച്ചേവ്-ഒരു റഷ്യൻ രാഷ്ട്രീയപ്രവർത്തകനാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് സോവിയറ്റ് യൂണിയന്റെ അവസാനത്തെ ജനറൽ സെക്രട്ടറിയായിരുന്ന ഇദ്ദേഹം 1985 മുതൽ 1991 വരെ ആ പദവി വഹിച്ചു. യു.എസ്.എസ്.ആറിന്റെ അവസാനത്തെ പ്രസിഡണ്ടും ഇദ്ദേഹമായിരുന്നു.

41. ഇന്ത്യയിൽ വില നിയന്ത്രണവും കമ്പോള നിയന്ത്രണവും ഏർപ്പെടുത്തിയ ഭരണാധികാരി ആരായിരുന്നു ?

(a) അലാവുദീൻ ഖിൽജി
(b) ബാൽബൻ
(c) അമീർ ഖുസ്രു
(d) ബാബർ

Correct Choice: (**a**)
Solution:

ഇന്ത്യയിലെ രണ്ടാമത്തെ ഖിൽജി ചക്രവർത്തിയാണ് അലാവുദ്ദീൻ ഖിൽജി . ഖിൽജി ഗോത്രത്തിൽപ്പെട്ട ജലാവുദ്ദീൻ ഫിറൂസ് കിൽജി സ്ഥാപിച്ച ഖിൽജിവംശത്തിലെ ഏറ്റവും പ്രസിദ്ധനായ ചക്രവർത്തിയാണ് അലാവുദ്ദീൻ.

42. മുഗൾ രാജവംശ സ്ഥാപകൻ ?

(a) അക്ബർ
(b) ഹുമയൂൺ
(c) ഔരംഗസേബ്
(d) ബാബർ

Correct Choice: (**d**)
Solution:

മുഗൾ സാമ്രാജ്യത്തിന്റെ സ്ഥാപകനാണ് ബാബർ. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം നിലനിന്ന മുസ്ലീം സാമ്രാജ്യമായിരുന്നു ബാബർ സ്ഥാപിച്ച മുഗൾ സാമ്രാജ്യം.

43. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് –ന്റെ ആസ്ഥാനം എവിടെയാണ് ?

(a) തിരുവനന്തപുരം
(b) തൃശ്ശൂർ
(c) കോഴിക്കോട്
(d) കൊല്ലം

Correct Choice: (**b**)
Solution:

കേരളസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു ബാങ്കിങ്ങേതര ധനകാര്യസ്ഥാപനമാണ് കെ.എസ്.എഫ്.ഇ. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ദ കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്.969-ലാരംഭിച്ച ഈ സ്ഥാപനം, ആരംഭകാലത്ത് ചിട്ടി നടത്തിപ്പ് മാത്രമായിരുന്നു കൈകാര്യം ചെയ്തിരുന്നതെങ്കിലും പിന്നീട് വായ്പ അടക്കമുള്ള മറ്റ് ധനകാര്യ ഇടപാടുകളും ആരംഭിച്ചു.

44. പട്ടിക വർഗക്കാർ ഏറ്റവും കൂടുതൽ ഉള്ള ജില്ല?

(a) പത്തനംതിട്ട

(b) ഇടുക്കി

(c) വയനാട്

(d) പാലക്കാട്

Correct Choice: (**c**)
Solution:

പട്ടികജാതിക്കാർ ഏറ്റവും കൂടുതലുള്ള ജില്ല - പാലക്കാട്

45. 2018 –ലെ ലോകകപ്പ് ഹോക്കി മത്സരം ഏതു രാജ്യത്തു വെച്ചാണ് നടന്നത് ?

(a) ഓസ്‌ട്രേലിയ

(b) മലേഷ്യ

(c) ഇന്ത്യ

(d) നെതർലൻഡ്സ്

Correct Choice: (**c**)
Solution:

2018 ലെ പുരുഷ ഹോക്കി ലോകകപ്പ് ഹോക്കി ലോകകപ്പിന്റെ 14-ാമത് പതിപ്പാണ്. പുരുഷന്മാരുടെ ദേശീയ ഹോക്കി ഹോക്കി ടീമുകളുടെ കാർട്ടർണൽ ലോക ചാമ്പ്യൻഷിപ്പ്. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ, നവംബർ 28 മുതൽ ഡിസംബർ 16 വരെ ഇത് നടന്നു.

46. പുന്നപ്ര വയലാർ സമരം നടന്ന വർഷം ?

(a) 1946

(b) 1938

(c) 1942

(d) 1947

Correct Choice: (**a**)
Solution:

കൊല്ലവർഷം 1122 തുലാം മാസം 7 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ (1946 ഒക്ടോബർ 24 - 27) ആണ് പുന്നപ്ര-വയലാറിലെ ഈ തൊഴിലാളി കലാപങ്ങൾ നടന്നത്.

47. 'സ്വാമിത്തോപ്പ് ' എന്ന സ്ഥലം ഏതു സാമൂഹിക പരിഷ്കർത്താവിന്റെ ജന്മസ്ഥലമാണ് ?

(a) അയ്യാ വൈകുണ്ഠസ്വാമികൾ

(b) ചട്ടമ്പി സ്വാമികൾ

(c) സഹോദരൻ അയ്യപ്പൻ

(d) അയ്യൻകാളി

Correct Choice: (**a**)
Solution:

ദളിതരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന കേരളത്തിലെ ആദ്യകാല സാമൂഹിക പരിഷ്കർത്താവായിരുന്നു വൈകുണ്ഠ സ്വാമി. തിരുവിതാംകൂറിലെ കന്യാകുമാരി ജില്ലയിലാണ് (ഇന്ന് തമിഴ്നാട്ടിൽ) അദ്ദേഹം ജീവിച്ചിരുന്നത്.സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരം എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അദ്ദേഹം തന്റെ പേര് വൈകുണ്ഠ സ്വാമി എന്നാക്കി. അദ്ദേഹത്തിന്റെ ജന്മസ്ഥലം ഇന്ന് സ്വാമിത്തോപ്പ് എന്ന് അറിയപ്പെടുന്നു.

48. ജനപങ്കാളിത്തത്തോടെ ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ അന്താരാഷ്ട്രവിമാനത്താവളമാണ് :

(a) ന്യൂഡൽഹി

(b) കൊച്ചി

(c) ചെന്നൈ

(d) മുംബൈ

Correct Choice: (**b**)
Solution:

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, (സിയാൽ) ഇന്ത്യയിലെ പൊതുമേഖല-സ്വകാര്യമേഖല പങ്കാളിത്തത്തോടെ തുടങ്ങിയ ആദ്യത്തെ വിമാനത്താവളം.

49. ഇന്ത്യൻ മിസൈലുകളുടെ പിതാവ് എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞൻ.

(a) ഹോമി.ജെ.ഭാഭ

(b) വിക്രം സാരാഭായ്

(c) എ.പി.ജെ. അബ്ദുൾകലാം

(d) സി.വി.രാമൻ

Correct Choice: (**c**)
Solution:

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം . പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം . മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്.

50. ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഉദാഹരണമേത് ?

(a) മൈക്രോസോഫ്റ്റ്

(b) ഹിന്ദുസ്ഥാൻ ലിവർ

(c) ടാറ്റ

(d) ഇന്ത്യൻ റെയിൽവേ

Correct Choice: (**d**)

Solution:

ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമാണ് ഇന്ത്യൻ റെയിൽവേ. ലോകത്തിലെ തന്നെ ഏറ്റവും തിരക്കേറിയതും വലുതുമായ തീവണ്ടിപ്പാതാശൃംഖലകളിലൊന്നാണ് ഇന്ത്യൻ റെയിൽവേയുടേത്.

51. സംസ്ഥാന നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയെ നാമനിർദേശം ചെയ്യുന്നത്

(a) ഗവർണർ
(b) സ്പീക്കർ
(c) പ്രസിഡൻറ്
(d) മുഖ്യമന്ത്രി

Correct Choice: (**a**)
Solution:

കേരള സംസ്ഥാനത്തിന്റെ നിയമനിർമ്മാണസഭ കേരള നിയമസഭ എന്നറിയപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയിലെ പ്രത്യേക വകുപ്പ് പ്രകാരം കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ ജനങ്ങൾക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധിയും സഭയിൽ അംഗമാണ് . എന്നാൽ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധിക്ക് സഭയിൽ വോട്ടവകാശമില്ല.

52. തിരുക്കുറൾ രചിച്ചത് ആരാണ് ?

(a) ഇളങ്കോവടികൾ
(b) ഭരതമുനി
(c) കാളിദാസൻ
(d) തിരുവള്ളുവർ

Correct Choice: (**d**)
Solution:

തമിഴ് പദ്യ സാഹിത്യത്തിലെ ഈരടികളാണ് കുറൾ എന്നപേരിൽ അറിയപ്പെടുന്നത്. ശ്രീ എന്നർത്ഥമുള്ള തിരു എന്നത് മഹത്ത്വത്തെ സൂചിപ്പിക്കുന്നു തിരുവള്ളുവർ ആണ് ഈ പുരാതനമായ തത്ത്വചിന്താ ശാസ്ത്ര ഗ്രന്ഥത്തിന്റെ രചയിതാവ് .

53. ടെലിവിഷൻ കണ്ടുപിടിച്ചത് ആരാണ്

(a) ജെ എൽ ബേർഡ്
(b) മാർക്കോണി
(c) എഡിസൺ
(d) വില്യം ഹാർവി

Correct Choice: (**a**)
Solution:

ഒരു ടെലിവിഷൻ സംപ്രേഷണ കേന്ദ്രത്തിൽ നിന്നും വിദ്യുത്കാന്ത തരംഗരൂപത്തിൽ പ്രക്ഷേപണം ചെയ്യുന്ന വിവരങ്ങളെ സ്വീകരിച്ച് അവയെ വീണ്ടും ചിത്രങ്ങളും ശബ്ദങ്ങളും ആയി മാറ്റാനുപയോഗിക്കുന്ന ഉപകരണമാണ് ടെലിവിഷൻ. സ്കോട്ടിഷ് എഞ്ചിനീയർ ആയ ജോൺ ലോഗി ബേർഡ് ആണ് ടെലിവിഷൻ കണ്ടുപിടിച്ചത്.

54. ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത് ആരാണ് ?

(a) ഗവർണർ
(b) പ്രധാനമന്ത്രി
(c) പാർലമെൻറ
(d) രാഷ്ട്രപതി

Correct Choice: (**d**)
Solution: ചില പ്രത്യേക ഘട്ടങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത് രാഷ്ട്രപതിയുടെ അധികാരമാണ്.

55. മഗധയുടെ തലസ്ഥാനമായിരുന്നു

(a) വാതാപി
(b) ഉജ്ജയിനി
(c) കനൗജ്
(d) പാടലീപുത്രം

Correct Choice: (**d**)
Solution:

പുരാതന ഇന്ത്യയിലെ പതിനാറു മഹാജനപഥങ്ങളിൽ ഒന്നാണ് മഗധ. ഗംഗയുടെ തെക്ക് ഇന്നത്തെ ബിഹാറിന്റെ ഭാഗമായിരുന്നു മഗധയുടെ പ്രധാന ഭാഗങ്ങൾ. ഇന്ന് രാജ്ഗിർ എന്ന് അറിയപ്പെടുന്ന രാജഗൃഹ ആയിരുന്നു മഗധയുടെ തലസ്ഥാനം. കുറേ കാലത്തിനുശേഷം തലസ്ഥാനം പാടലീപുത്രത്തിലേക്ക് (ഇന്നത്തെ പട്ന) മാറ്റി

56. ഇന്ത്യൻ ഹോക്കി ടീമിന്റെ ക്യാപ്റ്റനായി അടുത്തിടെ നിയമിക്കപ്പെട്ട മലയാളി

(a) ടിന്റു ലൂക്ക
(b) പി.ടി ഉഷ
(c) പി.ആർ. ശ്രീജേഷ്
(d) ശ്രീശാന്ത്

Correct Choice: (**c**)
Solution:

അന്താരാഷ്ട്ര ഹോക്കി കളിക്കാരനും നിലവിൽ ഇന്ത്യയുടെ ഹോക്കി ടീമിന്റെ ക്യാപ്റ്റനും ഗോൾകീപ്പറുമാണ് പി.ആർ. ശ്രീജേഷ്.

57. സുവർണ ക്ഷേത്രം സ്ഥിതി ചെയ്യുന്നത് എവിടെ

(a) പഞ്ചാബ്
(b) ഹരിയാന
(c) ഡൽഹി
(d) ബീഹാർ

Correct Choice: (**a**)

Solution:

പഞ്ചാബിലെ അമൃതസറിലാണ് സുവർണ്ണ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്

58. ഒരു വ്യക്തിയെ പോലീസ് അറസ്റ്റ് ചെയ്താൽ എത്ര മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണം ?

(a) 24 മണിക്കൂറിനകം
(b) 48 മണിക്കൂറിനകം
(c) 10 മണിക്കൂറിനകം
(d) 12 മണിക്കൂറിനകം

Correct Choice: (**a**)
Solution:

പ്രതിയെ ചെയ്താൽ 24 മണിക്കൂറിനകം പ്രതിയെ ഒരു മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കണം.

59. കേരളത്തിലെ തദ്ദേശ , സ്വയംഭരണ ഗ്രാമവികസന മന്ത്രിയാര് ?

(a) എ. സി. മൊയ്തീൻ
(b) മാത്യു ടി. തോമസ്
(c) കെ.ടി. ജലീൽ
(d) എ. കെ. ബാലൻ

Correct Choice: (**c**)
Solution:

ഡോ. കെ ടി ജലീൽ - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
എ. സി. മൊയ്തീൻ -കേരളത്തിലെ വ്യവസായ, കായിക വകുപ്പ് മന്ത്രി
മാത്യു ടി. തോമസ് - ജലവിഭവ വകുപ്പ് മന്ത്രി
എ. കെ. ബാലൻ - പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ, സാംസ്കാരിക ,പാർലമെന്റ് കാര്യ വകുപ്പ് മന്ത്രി

60. മഴവില്ല് ഉണ്ടാകുവാൻ കാരണമായ പ്രതിഭാസം?

(a) ഡിഫ്രാക്ഷൻ
(b) ഇന്റർഫെറൻസ്
(c) വിസരണം
(d) പ്രകീർണ്ണനം

Correct Choice: (**d**)
Solution:

ഒരു സമന്വിത പ്രകാശം അതിന്റെ ഘടകവർണ്ണങ്ങളായി പിരിയുന്ന പ്രക്രിയയാണ് പ്രകീർണ്ണനം. വിവിധവർണ്ണങ്ങൾ കൂടിച്ചേർന്നുണ്ടാകുന്നതും കാഴ്ചയിൽ ഒരൊറ്റ നിറമായി തോന്നുന്നതുമായ പ്രകാശമാണ് സമന്വിത പ്രകാശം. പ്രകാശത്തെ പ്രകീർണ്ണനം ചെയ്യാൻ പ്രിസം സാധാരണ ഉപയോഗിക്കുന്നു. അന്തരീക്ഷത്തിലെ ജലകണികകളിൽ പ്രകാശം പ്രകീർണ്ണനം ചെയ്യുന്നതുമൂലമുണ്ടാകുന്ന പ്രതിഭാസമാണ് മഴവില്ല് . പതിനേഴാം നൂറ്റാണ്ടിൽ ഐസക് ന്യൂട്ടൺ ആണ് പ്രകീർണ്ണനം കണ്ടെത്തിയത്

61. വൈദ്യുത പ്രവാഹ തീവ്രതയയുടെ അടിസ്ഥാന യൂണിറ്റ്

(a) ആമ്പിയർ
(b) കാന്റല
(c) മോൾ
(d) കെൽവിൻ

Correct Choice: (**a**)
Solution:

വൈദ്യുതി പ്രവാഹത്തിന്റെ അടിസ്ഥാന യൂണിറ്റാണ് ആംപിയർ. ഇതൊരു എസ്.ഐ. യൂണിറ്റാണ്[1]. ഏകദേശം 1000 ഓം പ്രതിരോധശക്തിയുള്ള ഫിലമെന്റ് ഘടിപ്പിച്ചിട്ടുള്ള ഒരു സാധാരണ ഇലക്ട്രിക് ബൾബ് ഉദ്ദേശം 0.25 ആമ്പിയർ വൈദ്യുതി സ്വീകരിക്കും.

62. സിമ്പിൾ മൈക്രോസ്കോപ് ആയി ഒരു കോൺവെക്സ് ലെൻസിനെ ഉപയോഗിക്കുമ്പോൾ വലിപ്പം കൂടിയ വ്യക്തമായ പ്രതിബിംബം കാണുന്നതിന് വസ്തുവിന്റെ സ്ഥാനം എവിടെ ആയിരിക്കണം ?

(a) ഫോക്കസിനും പ്രകാശ കേന്ദ്രത്തിനുമിടയിൽ
(b) ഫോക്കസിൽ
(c) ഫോക്സിനും വക്രത കേന്ദ്രത്തിനുമിടയിൽ
(d) വക്രത കേന്ദ്രത്തിൽ

Correct Choice: (**a**)

63. സ്ഥാനം കൊണ്ട് ഒരു വസ്തുവിന് ലഭിക്കുന്ന ഊർജ്ജം?

(a) താപോർജ്ജം
(b) സ്ഥാനികോർജ്ജം
(c) സ്ഥിതികോർജ്ജം
(d) ആണവോർജ്ജം

Correct Choice: (**c**)
Solution:

ഒരു വസ്തുവിനോ അല്ലെങ്കിൽ സംവിധാനത്തിനോ, അതിന്റെ സ്ഥാനം മൂലമോ അല്ലെങ്കിൽ അതിലെ കണികകളുടെ ക്രമീകരണം മൂലമോ ലഭിക്കുന്ന ഊർജ്ജമാണ് സ്ഥിതികോർജ്ജം. ഊർജ്ജത്തിന്റെ SI ഏകകം ജൂൾ ആണ്.

64. താപനില നിർണയവുമായി ബന്ധമില്ലാത്ത സ്കെയിൽ ഏത് ?

(a) ഫാരൻഹൈറ്റ് സ്കെയിൽ
(b) സെൽഷ്യസ് സ്കെയിൽ
(c) റിക്ടർ സ്കെയിൽ
(d) കെൽവിൻ സ്കെയിൽ

Correct Choice: (**c**)

Solution:

ഭൂകമ്പ തീവ്രത അളക്കുന്ന മാനകമാണ് റിക്ടർ മാനകം. 1935-ൽ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ചാൾസ് എഫ്. റിക്ടർ എന്ന ശാസ്ത്രജ്ഞനാണ് ഈ സ്കെയിൽ രൂപകല്പന ചെയ്തത്. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി ഈ സംവിധാനത്തെ റിക്ടർ സ്കെയിൽ എന്നുവിളിക്കുന്നു.

65. സിങ്കിൻറെ അയിര് ഏത് ?

(a) ബോക്സൈറ്റ്

(b) മാലകൈറ്റ്

(c) മാഗ്നറ്റൈറ്റ്

(d) കലാമൈൻ

Correct Choice: (**d**)

Solution:

അണുസംഖ്യ 30-ഉം പ്രതീകം Zn-ഉം ആയ ഒരു ലോഹമൂലകമാണ് നാകം അഥവാ സിങ്ക് (Zinc).
ഇരുമ്പ് ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള അയിര് - മാഗ്നറ്റൈറ്റ്
സിങ്കിൻറെ പ്രധാന അയിരുകൾ - കലാമൈൻ, സിങ്ക് ബ്ലെൻഡ്
കോപ്പറിൻറെ പ്രധാന അയിര് -മാലകൈറ്റ്

66. CNG, LNG എന്നിവയിലെ പ്രധാന ഘടകം ഏത് ?

(a) മീഥേൻ

(b) ഇഥേയ്ൻ

(c) പ്രൊപെയ്ൻ

(d) ബ്യൂട്ടയ്ൻ

Correct Choice: (**a**)

Solution:

പ്രകൃതിവാതകത്തിന്റെ പ്രധാന ഘടകം മീഥേൻ ആണ്. നേരിയ അളവിൽ ഈഥേൻ, പ്രൊപ്പേൻ, ബ്യൂട്ടേൻ എന്നീ ഹൈഡ്രോകാർബണുകളുമുണ്ടാകും. ഏറ്റവും ലളിതമായ ഹൈഡ്രോകാർബണാണ് മീഥേൻ. കാർബണിന്റെ അനുപാതം ഏറ്റവും കുറഞ്ഞതായതിനാൽ മറ്റു ഹൈഡ്രോകാർബണുകളേക്കാൾ കുറവ് കാർബൺഡൈ ഓക്സൈഡ് മാത്രമേ പുറത്തുവിടുകയുള്ളൂ. അതുകൊണ്ടാണ് പ്രകൃതിവാതകത്തെ ശുദ്ധ ഊർജം എന്നു പറയുന്നത് .

67. ഒരു ആറ്റം വൈദ്യുതപരമായി നിർവീര്യമായിരിക്കാൻ കാരണം ?

(a) പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും എണ്ണം തുല്യമായതിനാൽ

(b) ന്യൂട്രോണുകളുടെയും ഇലെക്ട്രോണുകളുടെയും എണ്ണം തുല്യമായതിനാൽ

(c) പ്രോട്ടോണുകളുടെയും ഇലെക്ട്രോണുകളുടെയും എണ്ണം തുല്യമായതിനാൽ

(d) ന്യൂട്രോണുകൾക്ക് ചാർജ് ഇല്ലാത്തതിനാൽ

Correct Choice: (**c**)

Solution:

അണുവിന്റെ മദ്ധ്യഭാഗത്ത് അതിന്റെ മർമ്മഭാഗം അഥവാ ന്യൂക്ലിയസ്സ് സ്ഥിതിചെയ്യുന്നു. പ്രോട്ടോണും ന്യൂട്രോണും ചേർന്നതാണ് ന്യൂക്ലിയസ്സ്. ഇതിൽ പ്രോട്ടോണിന് വൈദ്യുതപരമായി പൊസിറ്റീവ് ചാർജ്ജ് ഉണ്ട് . ന്യൂട്രോണിന് ഒരു ചാർജ്ജും ഇല്ല. അതായത് അണുവിന്റെ ന്യൂക്ലിയസ്സിനു പൊസിറ്റീവ് ചാർജ്ജ് ആണു. അണുവിലുള്ള ഇലക്ട്രോൺ അതിലുള്ള ന്യൂക്ലിയസ്സിനെ ചുറ്റി സദാ ഭ്രമണം ചെയ്യുന്നു . ഇലക്ട്രോണിന് നെഗറ്റീവ് ചാർജ്ജ് ആണ് . അപ്പോൾ പൊസിറ്റീവ് ചാർജ്ജുള്ള പ്രോട്ടോണും , ചാർജ്ജ് ഇല്ലാത്ത ന്യൂട്രോണും നെഗറ്റീവ് ചാർജ്ജുള്ള ഇലക്ട്രോണും ചേർന്നുള്ള ഒരാറ്റത്തിന് അഥവാ അണുവിന് വൈദ്യുത ചാർജ്ജ് ഇല്ല എന്നു പറയാം . അതായത് ഒരു അണുവിന്റെ ന്യൂക്ലിയസ്സിൽ എത്ര പ്രോട്ടോണുകൾ ഉണ്ടോ അത്രയും ഇലക്ട്രോണുകൾ അതിന്റെ ന്യൂക്ലിയസ്സിനെ ചുറ്റി ഭ്രമണം ചെയ്യുന്നുണ്ടെങ്കിൽ ആ ആറ്റം ന്യൂട്രലാണ് .

68. പവറിൻറെ യൂണിറ്റ് അല്ലാത്തതേത് ?

(a) ജൂൾ/കിലോഗ്രാം

(b) ജൂൾ / സെക്കൻഡ്

(c) HP

(d) വാട്ട്

Correct Choice: (**a**)

Solution:

ഭൗതികശാസ്ത്രത്തിൽ, പവർ എന്നത് ചെയ്യുന്ന പ്രവൃത്തിയുടെ നിരക്കാണ്. യൂണിറ്റ് സമയത്തിൽ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ തോതിന് തുല്യമാണ് ഇത്. എസ്. ഐ വ്യവസ്ഥയിൽ പവറിന്റെ ഏകകം ജൂൾ പെർ സെക്കന്റ് (J/s) ആണ്. പതിനെട്ടാം നൂറ്റാൻടിൽ ജീവിച്ചിരുന്ന ആവി യന്ത്രം വികസിപ്പിച്ച ജെയിസ് വാട്ടിന്റെ ആദരസൂചകമായി ഇത് വാട്ട് (watt) എന്ന് അറിയപ്പെടുന്നു. പവറിന്റെ മറ്റ് ഏകകങ്ങൾ എർഗ്സ് പെർ സെക്കന്റ് (erg/s), കുതിരശക്തി (hp), മെറ്റ്റിക് ഹോഴ്സ്പവർ (PS), അല്ലെങ്കിൽ ചെവൽ വേപ്യർ (CV), ഫൂട്-പൗണ്ട്സ് പെർ മിനിറ്റ് എന്നിവയാണ്.

69. ഏറ്റവും കൂടുതൽ ഗുരുത്വാകർഷണ ബലം അനുഭവപ്പെടുന്ന ഗ്രഹം?

(a) ശനി

(b) ഭൂമി

(c) വ്യാഴം

(d) ശുക്രൻ

Correct Choice: (**c**)

Solution:

സൂര്യനിൽ നിന്ന് അഞ്ചാമത്തേതും സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹവുമാണ് വ്യാഴം.സൗരപിണ്ഡത്തിന്റെ ആയിരത്തിലൊന്നിനേക്കാൾ അൽപ്പം മാത്രം കുറവ് പിണ്ഡമുള്ള ഒരു വാതകഗോളമാണ് വ്യാഴം. സൗരയൂഥത്തിലെ മറ്റെല്ലാ ഗ്രഹങ്ങളുടേയും മൊത്തം പിണ്ഡത്തിന്റെ രണ്ടര ഇരട്ടി വരും ഇത്. വ്യാഴത്തിനുപുറമേ ശനി, യുറാനസ്, നെപ്റ്റ്യൂൺ എന്നിവയും വാതകഭീമന്മാരാണ്, ഈ നാല് ഗ്രഹങ്ങളെ ഒരുമിച്ച് ജൊവിയൻ ഗ്രഹങ്ങൾ എന്നും വിളിക്കുന്നു.

70. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി ഏത് ?

(a) നട്ടെല്ല്

(b) ഇടയെല്ല്

(c) മാറെല്ല്

(d) താടിയെല്ല്

Correct Choice: (**b**)
Solution:

മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ ആസ്ഥി : സ്റ്റേപ്പിസ് .

71. എയ്ഡ്സ് കാരണമാകുന്നത് ?

(a) വൈറസ്

(b) ബാക്ടീരിയ

(c) ഫംഗസ്

(d) ഇവയൊന്നുമല്ല

Correct Choice: (**a**)
Solution: എച്ച് ഐ വി വൈറസ് കാരണം എയ്ഡ്സ് ഉണ്ടാകുന്നു.

72. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വൈറ്റമിൻ ഏത് ?

(a) വൈറ്റമിൻ A

(b) വൈറ്റമിൻ K

(c) വൈറ്റമിൻ B

(d) വൈറ്റമിൻ D

Correct Choice: (**b**)
Solution:

രക്തം കട്ട പിടിക്കാൻ ആവശ്യമായ ജീവകമാണ് ജീവകം കെ . ജർമൻ ഭാഷയിൽ രക്തം കട്ടപിടിക്കുന്നതിനെ 'koagulation' എന്നാണ് പറയുക. അതിൽ നിന്നാണ് 'K' എന്ന പേര് കിട്ടിയത്. രക്തം കട്ടപിടിക്കാനാവശ്യമായ ഫാക്ടർ 2,7,9,10 എന്നിവയുടെ ഉല്പാദനത്തിന് ജീവകം കെ അത്യന്താപേക്ഷിതമാണ്.കൊഴുപ്പിലലിയുന്ന ജീവകങ്ങളിലൊന്നാണ് ഇത്.

73. സസ്യങ്ങൾ പ്രകാശ സംശ്ലേഷണ സമയത്തു പുറത്തു വിടുന്ന വാതകം ?

(a) നൈട്രജൻ

(b) ഓക്സിജൻ

(c) ഹൈഡ്രജൻ

(d) കാർബൺഡൈ ഓക്സൈഡ്

Correct Choice: (**b**)
Solution:

ഹരിതസസ്യങ്ങൾ, ആൽഗകൾ, ചിലതരം ബാക്ടീരിയകൾ എന്നിവ, സൂര്യനിൽ നിന്നുള്ള ഊർജ്ജം ഉപയോഗിച്ച്, കാർബൺ ഡയോക്സൈഡിനെ കാർബോ ഹൈഡ്രേറ്റുകൾ (പഞ്ചസാര) ആക്കിമാറ്റുന്ന പ്രക്രിയയെയാണ് പ്രകാശസംശ്ലേഷണം

74. ശിശു മരണ നിരക്ക് ഏറ്റവും കുറവുള്ള ഇന്ത്യൻ സംസ്ഥാനം ?

(a) ബീഹാർ

(b) കേരളം

(c) തമിഴ്‌നാട്

(d) പഞ്ചാബ്

Correct Choice: (**b**)
Solution:

ഇന്ത്യയിൽ ഏറ്റവും കുറവ് ശിശു മരണങ്ങൾ സംഭവിക്കുന്ന സംസ്ഥാനം കേരളം ആണെന്ന് ദേശിയ ആരോഗ്യമന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട്. തൊട്ടുപിന്നിലായി മിസോറാമും കർണാടകയും ആണ്.

75. കേരളത്തിൽ വംശനാശ ഭീഷണി നേരിടുന്ന ഏത് ജീവിയെയാണ് ഇരവികുളം നാഷണൽ പാർക്കിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളത് ?

(a) വരയാട്

(b) നീർകതിര

(c) ആന

(d) സിംഹവാലൻ കുരങ്ങ്

Correct Choice: (**a**)
Solution:

മൂന്നാറിൽ നിന്ന് 17 കിലോമീറ്റർ അകലെയായി വംശനാശം നേരിടുന്ന വരയാടുകളുടെ സംരക്ഷണം പ്രധാന ലക്ഷ്യമാക്കി നിലവിൽ വന്ന ദേശീയോദ്യാനമാണ് ഇരവികുളം ദേശീയോദ്യാനം. വംശനാശം നേരിടുന്നതും ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിൽ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമാണ് വരയാട്.

76. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം സ്ഥിതി ചെയുന്നത് കേരളത്തിലെ ഏത് ജില്ലയിലാണ് ?

(a) കാസർഗോഡ്

(b) തിരുവനന്തപുരം

(c) തൃശ്ശൂർ

(d) കോട്ടയം

Correct Choice: (**b**)
Solution:

കിഴങ്ങുവർഗ്ഗ കൃഷിക്കുള്ള ഗവേഷണത്തിനായി മാത്രം സമർപ്പിച്ചിരിക്കുന്ന ലോകത്തിലെ ഏക ഗവേഷണ സ്ഥാപനമാണ് കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം . 1963 ൽ കേരളത്തിലെ തിരുവനന്തപുരം ആസ്ഥാനമായി സ്ഥാപിച്ച സ്ഥാപനമാണിത്.

77. മനുഷ്യ ഹൃദയത്തിന് എത്ര അറകളുണ്ട് ?

(a) 2

(b) 3

(c) 4

(d) 5

Correct Choice: (**c**)
Solution:

മനുഷ്യ ഹൃദയത്തിൽ നാല് അറകളുണ്ട്. മുകളിലത്തെ രണ്ടു അറകളെ ഏട്രിയങ്ങൾ എന്നും താഴത്തെ രണ്ടു അറകളെ വെൻട്രിക്കിളുകൾ എന്നും പറയുന്നു. ഏട്രിയങ്ങൾ തമ്മിലും, വെൻട്രിക്കിളുകൾ തമ്മിലും പേശി ഭിത്തിയാൽ വേർതിരിച്ചിരിക്കുന്നു.ഇടതു ഏട്രിയം ഇടതു വെൻട്രിക്കിളിലേക്കും, വലതു ഏട്രിയം വലതു വെൻട്രിക്കിളിലേക്കും തുറക്കുന്നു.

78. TDX , DXT എന്നിവ ഏത് വിളയുടെ സങ്കരയിനമാണ് ?

(a) തെങ്ങ്

(b) കുരുമുളക്

(c) നെല്ല്

(d) റബ്ബർ

Correct Choice: (**a**)
Solution:

ചെന്തെങ്ങ്
ഗൗളിപാത്രം
മലയൻ യെല്ലോ
മലയൻ ഗ്രീൻ
മലയൻ ഓറഞ്ച്
ടിXഡി, ഡിXടി
കല്പക
എന്നിവ കുറിയ ഇനം തെങ്ങുകൾ ആണ് .

79. ക്ഷയരോഗത്തിനെതിരെ ഉപയോഗിക്കുന്ന വാക്സിൻ ഏത് ?

(a) പോളിയോ വാക്സിൻ

(b) ബി .സി.ജി വാക്സിൻ

(c) എം.എം.ആർ . വാക്സിൻ

(d) ഡി.പി.ടി വാക്സിൻ

Correct Choice: (**b**)
Solution:

ക്ഷയരോഗത്തിനെതിരെ പ്രാഥമികമായി ഉപയോഗിക്കുന്ന ഒരു വാക്സിനാണ് ബി.സി.ജി (Bacillus Calmette–Guérin (BCG) vaccine). ക്ഷയരോഗം സാധാരണയായി കാണപ്പെടുന്ന രാജ്യങ്ങളിൽ ആരോഗ്യമുള്ള കുട്ടികൾ ജനനസമയത്തോടനുബന്ധിച്ച് തന്നെ അനുവദനീയമായ അളവായ ഒരു ഡോസ് ബി.സി.ജി വാക്സിൻ നൽകേണ്ടതുണ്ട്.

80. INDIA എന്നത് ഒരു പ്രത്യേക കോഡ് ഉപയോഗിച്ച KPFKC എന്ന് എഴുതാമെങ്കിൽ , NEPAL എന്നത് എങ്ങനെ എഴുതാം ?

(a) MDOZK

(b) OFQBM

(c) PGRCN

(d) PGQCM

Correct Choice: (**c**)
Solution:

I - J - K
N - O -P
D - E - F
I - J - K
A -B -C

അതുപോലെ
N - O -P
E - F - G
P -Q -R
A -B -C

L - M - N

81. ഒരു ക്യൂവിൽ വിനീത മുന്നിൽ നിന്ന് പത്താമതും പിന്നിൽ നിന്ന് പതിനൊന്നാമതും ആണെങ്കിൽ ക്യൂവിൽ ആകെ എത്ര പേരുണ്ട് ?

(a) 21

(b) 19

(c) 22

(d) 20

Correct Choice: (**d**)
Solution:

മുന്നിൽ നിന്ന് പത്താമത് = 9 പേർ മുൻപിലുണ്ട്
പിന്നിൽ നിന്ന് പത്തൊന്നിനൊന്നാമത് = 10 പേർ പുറകിലൊണ്ട്
9 + 10 + വിനീത = 20 .

82. ഒരു ബൈക്കിന്റെ വില 30,000 രൂപ ആയിരുന്നു . ഇപ്പോൾ അതിന്റെ വില 36,000 രൂപ ആണെങ്കിൽ വിലയുടെ വർധനവിന്റെ ശതമാനം എന്ത് ?

(a) 20

(b) 60

(c) 6

(d) 30

Correct Choice: (**a**)

83. 11:30 ന് ക്ലോക്കിലെ മിനിറ്റ് മണിക്കൂർ സൂചികൾ തമ്മിലുള്ള കോണളവ് എത്ര ?

(a) $150^\circ$

(b) $165^\circ$

(c) $170^\circ$

(d) $180^\circ$

Correct Choice: (**b**)

Solution:

ഇത്തരം ചോദ്യങ്ങൾ ചെയ്യാൻ നമുക്ക് ഒരു ഫോർമുല ഉപയോഗിക്കാം
$(H - \frac{minute}{5})30 + \frac{minute}{2}$ ഇവിടെ $H$ എന്നത് മണിക്കൂർ സൂചിയുടെ സ്ഥാനം ആണ്.
$11.30$ ആണ് ചോദ്യത്തിൽ തന്നിട്ടുള്ള സമയം
ഇവിടെ $H = 11,$ മിനിറ്റ് = $30$
$(H - \frac{minute}{5})30 + \frac{minute}{2}$
$(11 - \frac{30}{5})30 + \frac{30}{2}$
$(11 - 6)30 + 15$
$5 \times 30 + 15$
$150 + 15 = 165^\circ$

84. $\frac{5}{7}, \frac{3}{4}, \frac{4}{6}, \frac{2}{5}$ ഇവയിൽ വലുതേത് ?

(a) $\frac{3}{4}$

(b) $\frac{4}{6}$

(c) $\frac{5}{7}$

(d) $\frac{2}{5}$

Correct Choice: (**a**)

Solution:

$\frac{5}{7}, \frac{3}{4}, \frac{4}{6}, \frac{2}{5}$ എന്നീ ഭിന്നസംഖ്യകളിലെ ഛേദങ്ങളായ 7, 4, 6, 5 എന്നിവയുടെ ലസാഗു =840
ഈ ലസാഗു കൊണ്ട് എല്ലാ ഭിന്നസംഖ്യകളെയും ഗുണിക്കുക
$\frac{5}{7} \times 840 = 600$
$\frac{3}{4} \times 840 = 630$
$\frac{4}{6} \times 840 = 560$
$\frac{2}{5} \times 840 = 336$
ഇതിൽ വലിയ സംഖ്യ 630 ആണ് ആയതിനാൽ വലിയ ഭിന്നസംഖ്യ $\frac{3}{4}$ ആയിരിക്കും

85. മിനി ഒരു ജോലി 3 ദിവസം കൊണ്ടും ,സീത അത് 6 ദിവസം കൊണ്ടും ചെയ്തു തീർക്കും .രണ്ടു പേരും ചേർന്നാൽ എ ജോലി എത്ര ദിവസം കൊണ്ട് ചെയ്തു തീരും ?

(a) $4$

(b) $2$

(c) $3$

(d) $2\frac{1}{2}$

Correct Choice: (**b**)

Solution:

രണ്ടുപേരും ഒരുമിച്ച് ജോലി ചെയ്താൽ ജോലി പൂർത്തിയാക്കാൻ ആവശ്യമായ ദിവസങ്ങളുടെ എണ്ണം = $\frac{3 \times 6}{3+6} = \frac{18}{9} = 2$

86. $4^m = 1024$ ആയാൽ m എത്ര ?

(a) 4

(b) 8

(c) 256

(d) 5

Correct Choice: (**d**)

Solution:

$4^m = 1024$
$2^{2m} = 2^{10}$
$2m = 10$
$m = 5$

87. സെക്കൻഡിൽ 20 മീറ്റർ ഓടുന്ന ഒരു വാഹനം 5 മണിക്കൂർ കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

(a) 72 കി. മീ.

(b) 100 കി. മീ.

(c) 360 കി. മീ.

(d) 720 കി. മീ.

Correct Choice: (**c**)

Solution:

ദൂരം = സ്പീഡ് X സമയം
സ്പീഡ് = 20 മീ .സെ = $20 \times \frac{18}{5} = 18 \times 4 = 72$ കി. മീ.
ദൂരം = $72 \times 5 = 360$ കി. മീ.

88. 5,500 രൂപ 20% സാധാരണ പലിശ നിരക്കിൽ മൂന്ന് മടങ്ങാകാൻ എത്ര വർഷം വേണ്ടി വരും ?

(a) 10

(b) 8

(c) 5

(d) 20

Correct Choice: (**a**)

Solution:

$I = \frac{PRN}{100}$
$2P = \frac{P \times 20 \times N}{100}$
$\frac{2 \times 100}{20} = N$
$N = 10$

89. 2, 9 ,28 , 65, __ എന്ന ശ്രേണിയിലെ അടുത്ത പദം എത്ര ?

(a) 120
(b) 89
(c) 98
(d) 126

Correct Choice: (**d**)
Solution:

$(1^3) + 1 = 1 + 1 = 2$

$(2^3) + 1 = 8 + 1 = 9$

$(3^3) + 1 = 27 + 1 = 28$

$(4^3) + 1 = 64 + 1 = 65$

$(5^3) + 1 = 125 + 1 = 126$

90. 1നും 100നും ഇടയിൽ 6 കൊണ്ട് നിശ്ശേഷം ഹരിക്കാൻ പറ്റുന്നതും എന്നാൽ 2 ഒരു അക്കമായി വരുന്നതുമായ എത്ര സംഖ്യകളുണ്ട് ?

(a) 3
(b) 5
(c) 4
(d) 6

Correct Choice: (**c**)
Solution:

1നും 100നും ഇടയിൽ 6 കൊണ്ട് നിശ്ശേഷം ഹരിക്കാൻ പറ്റുന്ന സംഖ്യകൾ = 6, 12, 18, 24, 30 ,36, 42, 48, 54, 60, 66, 72, 78, 84, 90, 96
ഇതിൽ 2 ഒരു അക്കമായി വരുന്നതുമായ സംഖ്യകൾ = 12, 24, 42, 72 = 4 സംഖ്യകൾ

91. 2016 ജനുവരി 2–ആം തീയതി ശനിയാഴ്ചയെങ്കിൽ 2016 സെപ്റ്റംബർ 20 ഏത് ദിവസമാണ് ?

(a) ശനി
(b) തിങ്കൾ
(c) ബുധൻ
(d) ചൊവ്വ

Correct Choice: (**d**)
Solution:

ജനുവരി - 31-2 = 29
ഫെബ്രുവരി - 29
മാർച്ച് - 31
ഏപ്രിൽ - 30
മെയ് - 31
ജൂൺ - 30
ജൂലൈ - 31
ഓഗസ്റ്റ് - 31
സെപ്റ്റംബർ- 20
ആകെ = 262 ദിവസങ്ങൾ
$\frac{262}{7}$ ചെയ്യുമ്പോൾ 3 ശിഷ്ടമായി ലഭിക്കും . അത് ശനിയാഴ്ച മുതൽ മുന്നോട്ട് എണ്ണുക . അങ്ങനെ ചെയ്യുമ്പോൾ ശനി കഴിഞ്ഞുള്ള 3 - ആം ദിവസമായ ചൊവ്വ ആണുത്തരം .

92. 2 : 32 :: 3: __ വിട്ടുപോയത് പൂരിപ്പിക്കുക

(a) 81
(b) 243
(c) 27
(d) 9

Correct Choice: (**b**)
Solution:

$(2)^1 : (2)^5 :: (3)^1 : (3)^5$
$2 : 32 :: 3 : 243$

93. ഉന്നതി 15 സെ. മീ.ഉം, പാദ ചുറ്റളവ് 20സെ മീ ഉം ആയ ഒരു സമചതുര സ്തൂപികയുടെ വ്യാപ്തം എന്ത് ?

(a) $125cm^3$
(b) $100cm^3$
(c) $300cm^3$
(d) $150cm^3$

Correct Choice: (**b**)
Solution:

സമചതുര സ്തൂപികയുടെ
വ്യാപ്തം = $\frac{1}{3} \times$ പാദ ചുറ്റളവ് $\times$ ഉയരം
വ്യാപ്തം = $\frac{1}{3} \times 20 \times 15$
വ്യാപ്തം = $100cm^3$

94. $8 \times 4-[(8+4) \times 3] \div 6=$ __ ?

(a) 10

(b) 8

(c) 26

(d) −3

Correct Choice: (**c**)
Solution:

BODMAS പ്രകാരം
$8 \times 4-[(8+4) \times 3] \div 6$
$8 \times 4-[12 \times 3] \div 6$
$8 \times 4-36 \div 6$
$8 \times 4-6$
$32-6=26$

95. പന്ത്രണ്ട് സംഖ്യകളുടെ ശരാശരി 27 , അവയിൽ ആദ്യത്തെ 6 സംഖ്യകളോട് 8 വീതം കൂട്ടുന്നു . പുതിയ ശരാശരി എത്ര ?

(a) 31

(b) 28

(c) 33

(d) 35

Correct Choice: (**a**)
Solution:

പന്ത്രണ്ട് സംഖ്യകളുടെ ആകെ തുക
= $27 \times 12=324$
ആദ്യത്തെ 6 സംഖ്യകളോട് 8 വീതം കൂട്ടുന്നു $6 \times 8=48$ + 324 = 372 ആകെ തുക
പുതിയ ശരാശരി = $\frac{372}{12}=31$

96. ഒറ്റയാനെ കണ്ടെത്തുക : 4, 25 , 100 ,39

(a) 4

(b) 100

(c) 24

(d) 39

Correct Choice: (**d**)
Solution:

$2^2=4$
$5^2=25$
$10^2=100$

97. ബേബി ഒരു സ്ഥലത്തുനിന്ന് യാത്ര തിരിച്ച 20 മീറ്റർ വടക്കോട് സഞ്ചരിച്ചശേഷം വലത്തോട്ട് തിരിഞ്ഞ18 മീറ്റർ സഞ്ചരിച്ചു.അവിടെ നിന്ന് വലത്തോട്ട് തിരിഞ്ഞ 25 മീറ്റർ സഞ്ചരിച്ചു . വീണ്ടും വലത്തോട്ട് തിരിഞ്ഞ 18 മീറ്റർ സഞ്ചരിച്ചാൽ യാത്ര ആരംഭിച്ച സ്ഥലത്തു നിന്ന് ബേബി എത്ര ദൂരത്തിലാണ് ?

(a) 5 മീറ്റർ കിഴക്ക്

(b) 5 മീറ്റർ തെക്ക്

(c) 15 മീറ്റർ പടിഞ്ഞാറ്

(d) 15 മീറ്റർ കിഴക്ക്

Correct Choice: (**b**)
Solution:




$25-20=5$ മീറ്റർ തെക്ക്

98. വിനുവിന്റെ അച്ഛൻ ജയൻ ,വിജയൻറെ മകനാണ് .ജയൻറെ മക്കളാണ് വിനുവും വിജിയും .എങ്കിൽ വിജയൻറെ ആരാണ് വിജി ?

(a) മകൾ

(b) ഭാര്യ

(c) പൗത്രി

(d) മരുമകൾ

Correct Choice: (**c**)

Solution:

വിജയൻറെ മകനായ ജയൻറെ മക്കളാണ് വിനുവും വിജിയും. എങ്കിൽ വിജയൻറെ മകൻറെ മകൾ അതായത് പൗത്രിയാണ് വിജി.

99. ഒരു ലിറ്റർ വെളിച്ചെണ്ണയുടെ വില 5 : 4എന്ന അംശബന്ധത്തിൽ മാറി. ഇപ്പോഴത്തെ വില ലിറ്ററിന് 120 രൂപ ആണെങ്കിൽ ആദ്യത്തെ വില എന്ത് ?

(a) 100 രൂപ

(b) 150 രൂപ

(c) 160 രൂപ

(d) 180 രൂപ

Correct Choice: (**b**)

100. നെല്ല് കൃഷി ചെയുവാൻ വേണ്ട അനുയോജ്യമായ ഊഷ്മാവ് എത്രെയാണ് ?

(a) $10^\circ - 16^\circ$

(b) $20^\circ - 27^\circ$

(c) $14^\circ - 18^\circ$

(d) $32^\circ - 46^\circ$

Correct Choice: (**b**)

Solution:

കേരളത്തിൽ കൂടുതലായി ഉത്പാദിപ്പിക്കുന്ന ഒരു ധാന്യവിളയയ നെല്ല സമുദ്രനിരപ്പിൽ നിന്നും താഴെ സ്ഥിതിചെയ്യുന്ന കുട്ടനാട് മുതൽ സ്മുദ്രനിരപ്പിൽ നിന്നും 1000 - 1500 മീറ്റർ ഉയരമുള്ള ഇടുക്കി ജില്ലയിലെ വട്ടവടയിൽ വരെ കൃഷിചെയ്യുന്നു. പ്രതിവർഷം 125 മുതൽ 150 സെന്റീമീറ്റർ വരെ മഴയും 20 ഡിഗ്രി മുതൽ 27 ഡിഗ്രി സെന്റീഗ്രേഡ് വരെ താപനില വരെ ഈ കൃഷിക്ക് അനുജോജ്യമാണ് .